പറമ്പിക്കുളം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പൊള്ളാച്ചി പി.ഡബ്ല്യു.ഡി., പി.എ.പി. ബേസിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 29.1.99-ൽ അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പാട്ടത്തുക പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഡിവിഷണൽ ഫോറസ്റ്റാഫീസർ, പറമ്പിക്കുളം ആണ്.

49 (337) അനധികൃത മരം മുറിക്കൽ

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം മുറിക്കൽ സംബന്ധിച്ച് സർക്കാർ പുതുതായി നയപരമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിലെ ബാണാസുര മലയിൽ അനധികൃത മരം മുറിക്കൽ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് ആരുടെയൊക്കെ പേരിൽ നടപടി എടുത്തിട്ടുണ്ട്;

(ഡി) വനനശീകരണം തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മരം മുറി സംബന്ധിച്ച് സർക്കാർ പുതുതായി നയപരമായ തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ എന്നിവയിലുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി മൂപ്പെത്തിയ തോട്ടങ്ങളിലെ മരങ്ങളും കാറ്റത്ത് വീണുകിടക്കുന്ന മരങ്ങളും മുറിച്ച് മാറ്റുന്നുണ്ട്. കൂടാതെ തേക്ക് തോട്ടങ്ങളിൽ ഇടവെട്ടും നടത്തുന്നുണ്ട്. പ്രകൃതിദത്ത വനങ്ങളിലെ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തലാക്കിയിട്ടുണ്ട്.

(ബി) ബാണാസുര മലയിൽ സർക്കാർ വനഭൂമിയിൽ അനധികൃത മരം മുറി നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വനനശീകരണം തടയുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

50 (338) ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ്

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ കോന്നിയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗം വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഫോഴ്സിൽ എത്രപേരെ നിയമിച്ചു എന്നും ഇപ്പോൾ കോന്നിയിൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം ഉണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) കോന്നി വനം ഡിവിഷനിലെ വിവിധ ഫോറസ്റ്റ് സ്റ്റേഷനുകളിലെ അംഗബലത്തിനുപരിയായി അംഗീകിരിച്ച് നിലനിന്നിരുന്ന പ്രൊട്ടക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly